പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 1154

13.06.2013ൽ
മറുപടിക്ക്

# അനധികൃത നെൽവയൽ നികത്തൽ

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ : | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നെൽവയൽ നികത്തൽ സംരക്ഷണ നിയമം ലംഘിച്ച് വയലുകളും തണ്ണീർത്തടങ്ങളും വ്യാപകമായി മണ്ണിട്ട് നികത്തുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഏറനാട് മണ്ഡലത്തിലെ ഇത്തരം അനധികൃത വയൽ നികത്തൽ - തണ്ണീർത്തടം നികത്തൽ സംബന്ധിച്ച് ജില്ലാ റവന്യൂ അധികാരികൾക്ക് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് എന്നും അവയുടെ വിശദാംശം എന്തെല്ലാമെന്നും വ്യക്തമാക്കുമോ ; | (ബി) | 50 പരാതികൾ ലഭ്യമായിട്ടുണ്ട്. തരം മാറ്റം നടത്തിയ സ്ഥല ഉടമകൾക്കെതിരെ 1967 ലെ കേരള ലാന്റ് യൂട്ടിലൈസേഷൻ ഉത്തരവുപ്രകാരവും / 2008 ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരവും നടപടി സ്വീകരിച്ചുവരുന്നുണ്ട്. അനധികൃത തരം മാറ്റം നടത്തിയ ഭൂമി കൈമാറ്റം തടയുന്നതിന് അതാത് സബ് രജിസ്ട്രാർക്കും, നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും യഥാസമയം നിർദ്ദേശം നൽകി വരുന്നുണ്ട്. |
| (സി) | മലപ്പുറം ജില്ലയിലെ ജനപ്രതിനിധികളെ കൂടി ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിനും കുറ്റക്കാർക്കെതിരെയും, കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെയും കർശന നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (സി) | മലപ്പുറം ജില്ലയിലെ അനധികൃത തരം മാറ്റം നടത്തിയവർക്കെതിരെയും, കുറ്റക്കാർക്കെതിരെയും കർശന നടപടി സ്വീകരിക്കുന്നതിനായി 2008 ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ജില്ലാതലത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർ / സബ് കളക്ടർ ചെയർമാനും പ്രിൻസിപ്പൽ കൃഷി ഓഫീസർ കൺവീനറുമായിട്ടുള്ള ജില്ലാതല അധികൃത സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയിൽ ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്ത 3 നെൽകർഷകർ അംഗങ്ങളുമാണ്. |

സെക്ഷൻ ഓഫീസർ